'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ല - അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് - തൃപ്രയാർ ജലോത്സവം, തൃശ്ശൂർ ജില്ലാ ജൂഡോ ചാമ്പ്യൻഷിപ്പ് എന്നിവയുടെ നടത്തിപ്പിന് ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്

സ.ഉ.(സാധാ) നം.1903/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 03/09/2019

പരാമർശം:- അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 05/08/2019 ലെ കത്ത്.

## ഉത്തരവ്

തൃശ്ശൂർ ജില്ലയിലെ അന്തിക്കാട് ബ്ലോക്ക്പഞ്ചായത്തിൽ ഓണാഘോഷത്തോടനുബന്ധിച്ച് നടന്നു വരുന്ന തൃപ്രയാർ ജലോത്സവത്തിന് ഒരു ലക്ഷം രൂപയും, 2019 ആഗസ്റ്റ് 10, 11 തീയതികളിൽ നടക്കുന്ന തൃശ്ശൂർ ജില്ലാ ജൂഡോ ചാമ്പ്യൻഷിപ്പിന് 50,000/- രൂപയും അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകണമെന്ന് അന്തിക്കാട് ബ്ലോക്ക്പഞ്ചായത്ത് പ്രസിഡന്റ് പരാമർശ കത്ത് പ്രകാരം അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ ജില്ലയിലെ അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിൽ ഓണാഘോഷത്തോടനുബന്ധിച്ച് നടന്നു വരുന്ന തൃപ്രയാർ ജലോത്സവത്തിന് 1,00,000/- (ഒരു ലക്ഷം രൂപ മാത്രം) രൂപയും, 2019 ആഗസ്റ്റ് 10,11 തീയതികളിൽ നടത്തിയ തൃശ്ശൂർ ജില്ലാ ജൂഡോ ചാമ്പ്യൻഷിപ്പിന് 50,000/- (അൻപതിനായിരം രൂപ മാത്രം) രൂപയും അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും അവരുടെ കമ്മിറ്റി തീരുമാനത്തിന് വിധേയമായി സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബീനമോൾ കെ ജെ**

ഡെപ്യൂട്ടിസെക്രട്ടറി

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

പ്രസിഡന്റ്/ സെക്രട്ടറി, അന്തിക്കാട് ബ്ലോക്ക്പഞ്ചായത്ത്, പെരിങ്ങോട്ടുകര, കിഴക്കുംമുറി.പി.ഒ, തൃശ്ശൂർ-680571

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.